പഴയങ്ങാടി താലൂക്ക് ആശുപത്രി

58 (750) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത് ; എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇവിടെ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മാതൃശിശു വിഭാഗത്തിന് പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി സമർപ്പിച്ച ആറ് കോടി രൂപയുടെ പ്രോജക്ടിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ആശുപത്രിയിൽ മാതൃശിശു വിഭാഗത്തിന് പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി സമർപ്പിച്ച ആറ് കോടി രൂപയുടെ പ്രോജക്ടിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ)

തസ്തിക	എണ്ണം	ഒഴിവ്
സിവിൽ സർജൻ	1	...
അസിസ്റ്റന്റ് സർജൻ	5	1
പീഡിയാട്രിഷ്യൻ	1	...
ഡെർമറ്റോളജി	1	...
മെഡിസിൻ	1	1
സർജറി	1	1
ഗൈനക്കോളജി	1	1
അനസ്തീഷ്യ	1	1
ആകെ	12	5

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി&സി) കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച ആറ് കോടി രൂപയുടെ പ്ലാൻ ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപ്പെടുത്തലിന് വേണ്ടിയും റിപ്പോർട്ടിനുമായി 2-2-2015-ൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാനാകൂ.

ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ട്രോമകെയർ, ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകൾ

59 (751) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ട്രോമകെയർ, ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; നടപടി ഏതുഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ;

(ബി) നിലവിൽ അനുവദിച്ചിട്ടുള്ള കാരുണ്യ ഫാർമസി, എക്സ്റേ യൂണിറ്റ്, സ്വീവേജ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ;

(സി) 10 കിടക്കകളോടുകൂടി ഐ.സി.യു-വും ബയോകെമിസ്റ്റി ഓട്ടോ അനലൈസറും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2011-12-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ട്രോമാകെയറിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 13.45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) എക്സ്റേ യൂണിറ്റിനായുള്ള സ്ഥലം നിശ്ചയിക്കുന്നതിന് പൊതുമരാമത്ത് അധികാരികൾ ആശുപത്രി സന്ദർശിച്ചിരുന്നു. കാരുണ്യ ഫാർമസിയുടെ കെട്ടിടം പണി പൂർത്തീകരിച്ച് നിർമ്മിതികേന്ദ്രം ഇതുവരെ കൈമാറിയിട്ടില്ല. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനായി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും എം.എസ്.

LIBRARY ARCHIVES Kerala Legislative Assembly